*02-06-2026*
*Election of Deputy Speaker*

**ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പ്**

മി. സ്പീക്കർ: ഓർഡർ....... ഓർഡർ..... നിയമസഭാ ഡെപ്യൂട്ടി സ്പീക്കറെ തിരഞ്ഞെടുക്കുന്നതിന് രണ്ട് അംഗങ്ങളുടെ പേരുകൾ നിർദേശിക്കപ്പെട്ടിട്ടുണ്ട്. ശ്രീ. മുഹമ്മദ് മുഹസിൻ, ശ്രീമതി ഷാനിമോൾ ഉസ്മാൻ എന്നിവരാണ് നാമനിർദേശം ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾ. ശ്രീ. മുഹമ്മദ് മുഹസിനെ നാമനിർദേശം ചെയ്തുകൊണ്ടുള്ള രണ്ട് പത്രികകൾ ലഭിച്ചിട്ടുണ്ട്. ആദ്യത്തെ പത്രിക ശ്രീ. പിണറായി വിജയൻ നിർദേശിക്കുകയും ശ്രീ. കെ. രാജൻ പിന്താങ്ങുകയും രണ്ടാമത്തെ പത്രിക ശ്രീ. പി. പ്രസാദ് നിർദേശിക്കുകയും ശ്രീ. പി. കെ. പ്രവീൺ പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ്.

ശ്രീമതി ഷാനിമോൾ ഉസ്മാനെ നാമനിർദേശം ചെയ്തുകൊണ്ടുള്ള മൂന്ന് പത്രികകളാണ് ലഭിച്ചിട്ടുള്ളത്. ശ്രീ. വി. ഡി. സതീശൻ നിർദേശിക്കുകയും ശ്രീ. സണ്ണി ജോസഫ് പിന്താങ്ങുകയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി നിർദേശിക്കുകയും ശ്രീ. കെ. എം. ഷാജി പിന്താങ്ങുകയും ശ്രീ. മോൻസ് ജോസഫ് നിർദേശിക്കുകയും ശ്രീ. അനൂപ് ജേക്കബ് പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ് ശ്രീമതി ഷാനിമോൾ ഉസ്മാനുവേണ്ടിയുള്ള പത്രികകൾ. പരിശോധനയിൽ നാമനിർദേശ പത്രികകളെല്ലാം നിയമാനുസൃതമാണെന്ന് കാണുന്നു. ഒന്നിലധികം അംഗങ്ങൾ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക് നിർദേശിക്കപ്പെട്ടിരിക്കുന്നതിനാൽ, വോട്ടെടുപ്പിലൂടെ ഡെപ്യൂട്ടി സ്പീക്കറെ തിരഞ്ഞെടുക്കുന്നതാണ്. ബാലറ്റ് പേപ്പറിൽ ഇംഗ്ലീഷ് അക്ഷരമാലാക്രമത്തിൽ ശ്രീ. മുഹമ്മദ് മുഹസിന്റെ പേര് ആദ്യത്തേതായും ശ്രീമതി ഷാനിമോൾ ഉസ്മാന്റെ പേര് രണ്ടാമതായും അച്ചടിച്ചിട്ടുണ്ട്. നിയമസഭാംഗങ്ങൾ തങ്ങൾക്ക് ഇഷ്ടമുള്ള സ്ഥാനാർഥിയുടെ

പേരിന് എതിരെ ഒരു ഗുണനചിഹ്നമിട്ട് വോട്ട് രേഖപ്പെടുത്തേണ്ടതാണ്. ഗുണനചിഹ്നമല്ലാത്ത മറ്റ് അടയാളങ്ങളിട്ട് വോട്ട് രേഖപ്പെടുത്തിയാൽ പ്രസ്തുത ബാലറ്റ് പേപ്പർ അസാധുവായി കണക്കാക്കുന്നതാണ്. നിയമസഭാംഗങ്ങളുടെ പേര് ഇരിപ്പിടങ്ങളുടെ ക്രമത്തിൽ നിയമസഭാ സെക്രട്ടറി (ഇൻ-ചാർജ്) ഇപ്പോൾ വിളിക്കുന്നതായിരിക്കും. ഓരോ അംഗവും തൽസമയം അധ്യക്ഷവേദിക്ക് സമീപം വന്ന് ഏതെങ്കിലും ഒരു ബൂത്തിൽ വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം സ്വസ്ഥാനത്ത് ഉപവിഷ്ടരാകണമെന്ന് അഭ്യർത്ഥിക്കുന്നു. ആദ്യത്തെ പ്രാവശ്യം പേര് വിളിക്കുമ്പോൾ സഭയിൽ ഹാജരല്ലാത്ത അംഗങ്ങൾക്ക് പോളിങ് അവസാനിച്ചതായി പ്രഖ്യാപിക്കുന്നതിനുമുമ്പ് സഭയിൽ ഹാജരാകുന്നപക്ഷം വോട്ട് രേഖപ്പെടുത്താൻ അനുമതി നൽകുന്നതാണ്.

(വോട്ടെടുപ്പ് ആരംഭിക്കുകയും നിയമസഭാ സെക്രട്ടറി (ഇൻ-ചാർജ്) ശ്രീ. ഷാജി സി. ബേബി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ മുതൽ ഇരിപ്പിടക്രമത്തിൽ നിരയായി അംഗങ്ങളുടെ പേര് വിളിക്കുകയും അംഗങ്ങൾ ഓരോരുത്തരായി വന്ന് ബാലറ്റ് പേപ്പർ വാങ്ങി ഡയസ്സിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന രണ്ട് ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം തിരികെയെത്തി സ്വസ്ഥാനത്ത് ഉപവിഷ്ടരാകുകയും ചെയ്തു. ഡെപ്യൂട്ടി സ്പീക്കർ സ്ഥാനാർത്ഥികളായ ശ്രീ. മുഹമ്മദ് മുഹസിൻ, ശ്രീമതി ഷാനിമോൾ ഉസ്മാൻ എന്നിവർ വോട്ടെടുപ്പിൽ പങ്കെടുത്തു. ബഹുമാനപ്പെട്ട സ്പീക്കർ വോട്ട് രേഖപ്പെടുത്തിയില്ല. കൂടാതെ സർവശ്രീ ബി. ബി. ഗോപകുമാർ, രാജീവ് ചന്ദ്രശേഖർ, വി. മുരളീധരൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ വോട്ട് രേഖപ്പെടുത്തിയില്ല. സർവശ്രീ സി. കെ. ഹരീന്ദ്രൻ,

സന്ദീപ് വാര്യർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ ഹാജരായിരുന്നില്ല.)

മി. സ്പീക്കർ: ഓർഡർ....ഓർഡർ....ഞാൻ വോട്ട് രേഖപ്പെടുത്തുന്നില്ല. വോട്ടെടുപ്പ് പൂർത്തിയായിരിക്കുകയാണ്. ഓരോ സ്ഥാനാർഥിയുടെയും പ്രതിനിധിയായി ഒരു അംഗത്തിന് അധ്യക്ഷവേദിയിലേക്ക് വരാവുന്നതും വോട്ടെണ്ണൽ പ്രക്രിയ നിരീക്ഷിക്കാവുന്നതുമാണ്.

(ശ്രീമതി ഷാനിമോൾ ഉസ്മാന്റെ ഏജന്റ് ശ്രീ. അൻവർ സാദത്ത്, ശ്രീ. മുഹമ്മദ് മുഹസിന്റെ ഏജന്റ് ശ്രീ. കെ. കെ. വൽസരാജ് എന്നീ അംഗങ്ങളുടെ സാന്നിധ്യത്തിൽ വോട്ടെണ്ണൽ നടന്നു.)

മി. സ്പീക്കർ: ഓർഡർ...ഓർഡർ.... തിരഞ്ഞെടുപ്പിന്റെ ഫലം ഇപ്പോൾ പ്രഖ്യാപിക്കുന്നതാണ്. ശ്രീ. മുഹമ്മദ് മുഹസിന് 34 വോട്ടും ശ്രീമതി ഷാനിമോൾ ഉസ്മാന് 99 വോട്ടും ലഭിച്ചിട്ടുണ്ട്. ഞാൻ ഉൾപ്പെടെ 4 പേർ വോട്ടെടുപ്പിൽനിന്നും വിട്ടുനിന്നു. ശ്രീമതി ഷാനിമോൾ ഉസ്മാനെ പതിനാറാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി തിരഞ്ഞെടുത്തതായി പ്രഖ്യാപിക്കുന്നു. ശ്രീമതി ഷാനിമോൾ ഉസ്മാന് ഡെപ്യൂട്ടി സ്പീക്കറുടെ ചെയറിൽ ഇരിക്കാവുന്നതാണ്.

(ശ്രീമതി ഷാനിമോൾ ഉസ്മാൻ ഡെപ്യൂട്ടി സ്പീക്കർക്കായി നിശ്ചയിച്ചിട്ടുള്ള ഇരിപ്പിടത്തിൽ ഉപവിഷ്ടയായി.)

പതിനാറാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി ഷാനിമോൾ ഉസ്മാനെ ഞാൻ ഹാർദമായി അഭിനന്ദിക്കുകയാണ്. കെ.എസ്.യു. സംസ്ഥാന വൈസ് പ്രസിഡന്റ്, കേരള സർവകലാശാല സെനറ്റ് അംഗം, ഓൾ ഇന്ത്യാ

കോൺഗ്രസ്സ് കമ്മിറ്റിയുടെ സെക്രട്ടറി, ആലപ്പുഴ മുനിസിപ്പൽ ചെയർപേഴ്സൺ തുടങ്ങി വിവിധ ഉത്തരവാദിത്വങ്ങൾ വഹിച്ചിട്ടുള്ള ശ്രീമതി ഷാനിമോൾ ഉസ്മാൻ ഏറ്റെടുത്തിട്ടുള്ള എല്ലാ പദവികളിലും ശോഭിച്ചിട്ടുള്ള വ്യക്തിയാണ്. പതിനാലാം കേരള നിയമസഭയിലേക്ക് ഉപതിരഞ്ഞെടുപ്പിലൂടെ അരൂർ നിയോജകമണ്ഡലത്തിൽനിന്നും ശ്രീമതി ഷാനിമോൾ ഉസ്മാൻ തിരഞ്ഞെടുക്കപ്പെട്ടിരുന്നു. കേരള നിയമസഭയുടെ ചരിത്രത്തിൽ മൂന്നര പതിറ്റാണ്ടിനുശേഷമാണ് ഒരു വനിത ഡെപ്യൂട്ടി സ്പീക്കറായി തിരഞ്ഞെടുക്കപ്പെടുന്നത്. സംസ്ഥാന-ദേശീയ രാഷ്ട്രീയത്തിൽ വ്യക്തിത്വം തെളിയിച്ച മഹനീയ വനിതയാണ് ശ്രീമതി ഷാനിമോൾ ഉസ്മാൻ. നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കർ പദവി തികഞ്ഞ ഉത്തരവാദിത്വ ബോധത്തോടെയും കാര്യക്ഷമതയോടെയും നിർവഹിക്കാൻ ശ്രീമതി ഷാനിമോൾ ഉസ്മാന് സാധിക്കട്ടെയെന്ന് ചെയർ ആശംസിക്കുന്നു.

ഓർഡർ....ഓർഡർ... സഭാ നടപടികൾക്ക് അല്പസമയം ബ്രേക്ക് അനുവദിക്കുകയാണ്. അതിനുശേഷം സഭ പുനരാരംഭിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾക്കുവേണ്ടി ക്യാന്റീനിൽ ചായസൽക്കാരം ക്രമീകരിച്ചിട്ടുണ്ട്.

(രാവിലെ 09.45-ന് ടീ ബ്രേക്കിനായി സഭ നിർത്തിവച്ചു.)

* * * * * * * * * *